# DIET MALAPPURAM & VIJAYABHERI MALAPPURAM
## SSLC PRE- MODEL EXAMINATION , MARCH 2022
## MALAYALAM
### FIRST LANGUAGE PAPER II SET 3

Time: 1.5 Hrs. Total Score: 40

==========================================================

**നിർദ്ദേശങ്ങൾ**

- 20 മിനിറ്റ് സമാശ്വാസ സമയമാണ്.ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തെരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യയാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക
- ഉത്തരമെഴുതുമ്പോൾ സ്കോർ സമയം എന്നിവ പരിഗണിക്കണം
- 1 മുതൽ 24 വരെയുള്ള ചോദ്യങ്ങൾക്ക് ലഭിക്കുക പരമാവധി 40 സ്കോർ ആയിരിക്കും

==========================================================

**I പാർട്ട് എ**

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 ചോദ്യങ്ങൾക്ക് ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക 1 സ്കോർ വീതം**

1. കോഴിയും കിഴവിയും എന്ന കഥയിലെ മത്തായിയുടെ സ്വഭാവത്തെ സൂചിപ്പിക്കുന്ന പഴഞ്ചൊല്ല്? 1

    a. മിന്നുന്നതെല്ലാം പൊന്നല്ല
    b. ഗതികെട്ടാൽ പുലി പുല്ലും തിന്നും
    c. പാലു കൊടുത്ത കൈയ്ക്ക് കടിക്കുക
    d. താണ നിലത്തേ നീരോടൂ

2. മാതൃക പോലെ എഴുതുക 1

    മാതൃക:നല്ലതിഥിനമുക്കിനിയാരിതു പോലെ =നല്ല, അതിഥി, നമുക്ക്, ഇനി, ആര്, ഇതുപോലെ
    മലർക്കളമെഴുതിക്കാത്തോരരചനെ

3.ഞാനിവിടെ ഒറ്റയ്ക്കാണെന്ന് എനിക്കു തോന്നിയിട്ടില്ല,( ഓരോ വിളിയും കാത്ത്)
ഈ വാക്കുകളിലെ സൂചന? 1

    a. വീട്ടിൽ ധാരാളം ആളുകളുണ്ട്
    b. ഒറ്റയ്ക്ക് ജീവിക്കാനുള്ള താത്പര്യം
    c. മകൻ കൂടെയില്ലാത്ത വിഷമം
    d. അച്ഛന്റെ സാന്നിദ്ധ്യം എപ്പോഴും ഉള്ളതു കൊണ്ട്

4. "നീ ഇതു മേടിച്ചു തിന്നില്ലെങ്കിൽ ഞാനാ പേര വെട്ടിക്കളയും" ( കോഴിയും കിഴവിയും)
ഈ വരികളിൽ തെളിയുന്ന ഭാവം? 1

    a. ദേഷ്യം
    b. നിരാശ
    c. സ്നേഹം
    d. പരിഹാസം

5. കൊതിയസമാജം എന്ന പദം വിഗ്രഹിച്ചാൽ 1

    a. കൊതിയരും സമാജവും
    b. കൊതിയരുടെ സമാജം
    c. കൊതിയുള്ള സമാജം
    d. കൊതി കൊണ്ടുള്ള സമാജം

6. ആ ദിവസം കോരന്റെ ജീവിതത്തിലെ ഒരു സ്മരണീയ ദിവസമായിരുന്നു. എന്തുകൊണ്ട്? 1

a. നെല്ലു കൂലി കിട്ടിയതിനാൽ
b. അച്ഛനു വയറുനിറച്ച് ഭക്ഷണം കൊടുക്കാൻ കഴിഞ്ഞതിനാൽ
c. ചിരുതയെ വിവാഹം കഴിച്ചതിനാൽ
d. കൊയ്ത്തു കഴിഞ്ഞതിനാൽ

**പാർട്ട് ബി**

**7 മുതൽ 9 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.1 സ്കോർ വീതം**

7. പത്രമില്ലാതെയുള്ള ഭരണത്തേക്കാൾ താനഭിലഷിക്കുന്നത് ഭരണമില്ലാതെ പത്രം മാത്രമുള്ള അവസ്ഥയാണ്. ഈ വാക്യം നൽകുന്ന അർത്ഥ സൂചനയെന്ത്? 1

a. പത്രം ആകർഷകമാണ്
b. പത്രം ശക്തമാണ്
c. ഭരണം നല്ലതാണ്
d. പത്രം ആവശ്യമില്ല

8.ശരിയായ രീതിയിൽ പിരിച്ചെഴുതിയ പദം 1

a. ആധി+യായിരുന്നു
b. ഭേദം + മായില്ല
c. തീ+ ആയിരുന്നു
d. പാളി+പ്പോയി

9. "തൻമകന്നായിപ്പകർന്ന പാൽമുത്തുകൾ" പാൽമുത്തുകൾ എന്ന പ്രയോഗത്തിന്റെ ആശയത്തിനു ചേരാത്തത് 1

a. അമ്മ നൽകിയ സ്നേഹ വാത്സല്യം
b. അമ്മ പകർന്ന മുലപ്പാലിന്റെ വെണ്മ
c. അമ്മ നൽകിയ പാലും മുത്തും
d. അമ്മ നൽകിയ ഭാഷയുടെ ഭംഗി

**II പാർട്ട് എ**

**(ചോദ്യത്തിന് ഉത്തരം എഴുതുക 2 സ്കോർ)**

10 അർത്ഥ വ്യത്യാസം വരാതെ ഒറ്റ വാക്യമാക്കുക
" അന്നും നെല്ലിനു വേണ്ടി അവൻ വാദിച്ചു. ഒരു രൂപ അവനു കൂലികിട്ടി" 2

**പാർട്ട് ബി**

**(11 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക 2 സ്കോർ വീതം)**

11. "എന്റെ കണക്കൊക്കെ തെറ്റീലോ മത്തായി മൂപ്പരേ" ഈ വാക്യം നൽകുന്ന രണ്ടു സൂചനകൾ എഴുതുക. 2

12. ആരു തേടും? നാളെ നമ്മുടെ കുട്ടികൾ -
ക്കോർക്കാനുമമ്മയെ വേണ്ടായിരിക്കുമോ? ഇങ്ങനെ ചിന്തിക്കാൻ കവിയെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാം? 2

**III പാർട്ട് എ**

**(13 മുതൽ 16 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം**

13. "പിൻസീറ്റിലെത്രയ്ക്കു നേരെയിരുത്തീട്ടു-
മോരം ചരിഞ്ഞു മടങ്ങിരുന്നമ്മ
നീരറ്റു വറ്റി വരണ്ട കൈച്ചുള്ളികൾ
നീരാതെ മാറോടു ചേർത്തു വച്ചിട്ടുണ്ട്" ( അമ്മത്തൊട്ടിൽ)

വാക്കുകൾ കൊണ്ട് അമ്മയുടെ ചിത്രം വരച്ചിരിക്കുകയാണു കവി. ഈ പ്രസ്താവനയോട് നിങ്ങളുടെ പ്രതികരണമെന്ത്? 3

14."നീ കരഞ്ഞതു കൊണ്ട് ഞാൻ തിന്നാതെ വച്ചിരുന്നതാ ഇത്, നീ തിന്നാലേ ഞാനും തുന്നുകൊള്ളൂ,  അവളുടെ മുഖം തെളിഞ്ഞു"( കോഴിയും കിഴവിയും)
ഈ കഥയിലെ കുട്ടികൾ മുതിർന്നവർക്കൊരു മാതൃകയാണ്. പ്രസ്താവന വിലയിരുത്തി എഴുതുക. 3

15. 'അരിയിട്ടു തിളപ്പിച്ച കഞ്ഞി കുടിക്കണം - അവസാനത്തെ ആഗ്രഹം'.(രണ്ടിടങ്ങഴി)
തൊഴിലാളി ജീവിതത്തിന്റെ നേർചിത്രമാണോ ഈ സംഭാഷണത്തിൽ തെളിയുന്നത്? അഭിപ്രായക്കുറിപ്പെഴുതുക. 3

16."തിരികൾ തെറുത്തു കൊളുത്താനുറ്റ മു -
ഹൂർത്തം കാത്തു കുഴഞ്ഞു മടങ്ങിയ
കരവിരലോടെ, ദീപക്കുറ്റികൾ
നാട്ടിയിരിപ്പൂ നറുമുക്കുറ്റികൾ"  (ഓണമുറ്റത്ത്)
മുക്കുറ്റിപ്പൂവിനെ നിലവിളക്കിനോട് ഉപമിച്ചതിന്റെ ഔചിത്യം പരിശോധിക്കുക. 3

**പാർട്ട് ബി**

**(ചോദ്യത്തിന് ഉത്തരമെഴുതുക 3 സ്കോർ)**

17."....കുട്ട്യോളത്തന്നെ ഞാൻ ലാളിച്ചിട്ടില്ല്യ"
"തല്ലി വളർത്തണം കുട്ട്യോളെ.." ( പണയം)
ചെമ്പു മത്തായിയുടെ ഈ സമീപനത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ?നിങ്ങളുടെ അഭിപ്രായം സമർത്ഥിക്കുക.

**IV പാർട്ട് എ**

**(18 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക 4 സ്കോർ വീതം)**

18."അച്ഛന്റെ മരണത്തോടെ വീട്ടിൽ നിന്ന് എന്തെല്ലാമോ ചോർന്നു പോയതു പോലെ..."
"അച്ഛന്റെ ശബ്ദവും സാന്നിദ്ധ്യവുമായിരുന്നു വീട്, ഇപ്പോൾ ഇതൊരു വീടല്ല.." ( ഓരോ വിളിയും കാത്ത്)
വീടിനെ കുറിച്ചുള്ള സങ്കൽപങ്ങൾ അച്ഛനിൽ പരിമിതപ്പെടുത്തുന്നതിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ? അഭിപ്രായം യുക്തിപൂർവം സമർത്ഥിക്കുക. 4

19."കൊച്ചു ചക്കരച്ചി വീഴില്ല, വീണാലും അവൾ ആപത്തു
വരുത്തുകയില്ല എന്ന ഉറച്ച നിലയായിരുന്നു അമ്മയ്ക്ക്.." (കൊച്ചുചക്കരച്ചി)
കേവലം ഒരു വൃക്ഷവുമായുള്ള ബന്ധമല്ല അമ്മയും
കൊച്ചുചക്കരച്ചിയും  തമ്മിലുള്ളത്. ഈ പ്രസ്താവന വിശകലനം ചെയ്ത് കുറിപ്പെഴുതുക. 4

20. "ഉണ്ട ചോറിനു നന്ദികാണിക്കണം"
ഈ പഴഞ്ചൊല്ലിന്റെ ആശയവുമായി ബന്ധപ്പെടുത്തി കോഴിയും കിഴവിയും എന്ന കഥയിലെ മത്തായി എന്ന കഥാപാത്രത്തിന്റെ സ്വഭാവ സവിശേഷതകൾ പരിശോധിക്കുക. 4

**പാർട്ട് ബി**

**(21 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക 4 സ്കോർ വീതം)**

21. " അളവുകൾ തെറ്റിച്ച് അയാൾ ഉടുപ്പുകൾ തുന്നി...."
" കത്രിക തുണികളിലൂടെ തെറ്റി സഞ്ചരിച്ചു..."
ചാക്കുണ്ണി എന്ന കഥാപാത്രത്തിന്റെ ആത്മസംഘർഷങ്ങൾ ആവിഷ്കാരിക്കാൻ ഇത്തരം പ്രയോഗങ്ങൾക്ക് സാധിന്നുണ്ടോ? മറ്റു കഥാസന്ദർഭങ്ങൾ കൂടി വിശകലനം ചെയ്ത് എഴുതുക. 4

22. "മതമേതയാലും ന്മനുഷ്യൻ നന്നായാൽ മതി"
"ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്"
"ജാതി ചോദിക്കരുത് പറയരുത്"
ആധുനിക കാലത്ത് നാരായണഗുരുവിന്റെ ദർശനങ്ങൾക്ക് പ്രസക്തിയുണ്ടോ? നിങ്ങളുടെ നിരീക്ഷണം അവതരിപ്പിക്കുക. 4

**V പാർട്ട് എ**

**23 മുതൽ 24 വരെയുള്ള ചോദ്യങ്ങലിൽ ഏതെങ്കിലും ഒന്നിനു ഉത്തരമെഴുതുക. 5 സ്കോർ**

23.തെരുവിലുപേക്ഷിക്കപ്പെടുന്ന വാർദ്ധക്യത്തെക്കുറിച്ചുള്ള വ്യാകുല ചിന്തകളാണ് അമ്മത്തൊട്ടിൽ എന്ന കവിത. കവിതയിലെ ആശയവും സമകാലിക സംഭവങ്ങളും വിശകലനം ചെയ്ത് അനാഥമാക്കപ്പെടുന്ന വാർദ്ധക്യം എന്ന തലക്കെട്ടിൽ മുഖപ്രസംഗം തയാറാക്കുക. 5

24. പ്രകൃതിയും മനുഷ്യരും പരസ്പരം ഇണങ്ങി ജീവിച്ചിരുന്ന ഒരു കാലത്തിന്റെ സാക്ഷ്യപ്പെടുത്തലാണു "കൊച്ചുചക്കരച്ചി".വർത്തമാനകാല സാഹചര്യങ്ങൾ പരിഗണിച്ച് മനുഷരും പ്രകൃതിയും എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക. 5

**************